(സി) മിനിമം വേതന വിജ്ഞാപനത്തിൽ ഓരോ തസ്തികയുടേയും യോഗ്യതയും പ്രവൃത്തിപരിചയവും പ്രതിമാസ വേതന സ്കെയിലും നിശ്ചയിച്ചിട്ടുണ്ട് എന്നതിനാൽ ഇക്കാര്യത്തിൽ ഇനി ഒരു ഏകീകരണത്തിന്റെ ആവശ്യമില്ല.

(ഡി) പരാതികൾ ലഭിച്ചിട്ടില്ല. പരാതികൾ ലഭിച്ചാൽ ഇക്കാര്യത്തിൽ തൊഴിൽവകുപ്പിൽനിന്നും നടപടികൾ കൈക്കൊള്ളുന്നതാണ്.

(ഇ) മാനേജ്മെന്റ് പ്രതിനിധികളുടെയും സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മെഖലയിലെ തൊഴിലാളി യൂണിയനുകളുടെയും അഭിപ്രായം വിവിധഘട്ടങ്ങളിൽ ആരാഞ്ഞതിന്റെ അടിസ്ഥാനത്തിൽ മിനിമം വേതന കമ്മിറ്റി സർക്കാരിൽ നിർദ്ദേശം സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

ആർ.സി.സി.-യിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ നടപടി

47 (1773) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ മതിയായ ഡോക്ടർമാർ ഇല്ലാത്തത് കാരണം രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആർ. സി. സി.യിൽ ഏതൊക്കെ വിഭാഗത്തിലാണ് ഡോക്ടർമാരുടെ ഒഴിവുകളുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ആർ. സി. സി. യിൽ മെഡിക്കൽ ഓങ്കോളജി, ബോൺമാരോ ട്രാൻസ്പ്ലാന്റേഷൻ വിഭാഗങ്ങളിൽ മതിയായ ഡോക്ടർമാരെയും ആർ. എം. ഒ. മാരെയും നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ആർ. സി. സി.യിൽ പുതിയ തസ്തിക സൃഷ്ടിക്കാനുള്ള നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ ;

(ഇ) ഏതൊക്ക തസ്തികകളാണ് പുതുതായി സൃഷ്ടിക്കുന്നതെന്നും, ഏതൊക്കെ ഒഴിവുകളാണ് നികത്താൻ ഉദ്ദേശിക്കുന്നതെന്നും പേര് സഹിതം വെളിപ്പെടുത്തുമോ ;

(എഫ്) ആർ. സി. സി. യിലെ രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് തസ്തിക സൃഷ്ടിക്കാൻ വിദഗ്ദ്ധസമിതിയെക്കൊണ്ട് പഠനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റീജിയണൽ കാൻസർ സെന്ററിലെ അനസ്തേഷ്യ, മെഡിക്കൽ ഓംകോളജി, പത്തോളജി, റേഡിയോതെറാപ്പി എന്നീ വിഭാഗങ്ങളിൽ പ്രൊഫസർ തസ്തികയും റേഡിയോ ഡയഗ്നോസിസ് (Imageology) വിഭാഗത്തിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

അസിസ്റ്റന്റ് പ്രൊഫസർ തസ്തികയും ക്ലീനിക്കൽ വിഭാഗത്തിലും റേഡിയേഷൻ ഫിസിക്സ്, കാൻസർ റിസേർച്ച് എന്നീ നോൺ ക്ലീനിക്കൽ വിഭാഗത്തിൽ ഓരോ പ്രൊഫസർ തസ്തികയും ഒരു ലക്ചർ (Cancer Research) തസ്തികയും ഒഴിഞ്ഞുകിടപ്പുണ്ട്.

(സി-ഇ) ആർ.സി.സി.-യിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഒരു പ്രോപ്പോസൽ പരിശോധിച്ചുവരികയാണ്.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

കാസർഗോഡ് ജില്ലയിലെ ഫാർമസിസ്റ്റ് ഗ്രേഡ് II ഒഴിവുകൾ

48 (1774) ശ്രീ. കെ കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ് II (അലോപ്പതി) തസ്തികയിൽ നിരവധി ഒഴിവുണ്ടായിട്ടും പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ ഫാർമസിസ്റ്റുമാരുടെ പന്ത്രണ്ട് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. ഇതിൽ രണ്ട് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആരോഗ്യവകുപ്പിലെ ജ്വീഭരണ സംവിധാനം നിറുത്തലാക്കിയതിനെത്തുടർന്ന് ആരോഗ്യ വിദ്യാഭ്യാസവകുപ്പിലേക്ക് ഓപ്ഷൻവാങ്ങി പോയതിനെ തുടർന്നുണ്ടായതാണ് ബാക്കി 10 ഒഴിവുകൾ, ഈ ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഒഫ്താൽമിക് അസിസ്റ്റന്റുമാരുടെ തസ്തികയുടെ പേര് മാറ്റൽ

49 (1775) ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി.എച്ച്.എസ്./ഡി.എം.ഇ. വകുപ്പുകളിൽ ഓഫ്താൽമിക് അസിസ്റ്റന്റുമാർക്ക് ഏതൊക്കെ ഗ്രേഡാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത ഗ്രേഡ് പ്രകാരം ഈ ഡിപ്പാർട്ടുമെന്റുകളിൽ ഓരോ ഗ്രേഡിലും എത്ര ജീവനക്കാർ വീതം ജോലി ചെയ്യുന്നു ; ഇതിന്റെ സ്ഥാപനം/ഗ്രേഡ് തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ;

(സി) പത്തുവർഷത്തിൽ അധികമായി സീനിയർ ഗ്രേഡ് ഒഫ്താൽമിക് അസിസ്റ്റന്റുമാരായി ജോലി ചെയ്യുന്നവർക്ക് ഹയർ ഗ്രേഡിന് അർഹത ഉണ്ടോ ; എങ്കിൽ ഈ ഗ്രേഡ് നിലവിൽ ഇല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇവർക്ക് ഹയർ ഗ്രേഡ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly